നമ്പർ. ജി3/ഇ-49989/2018/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 22-02-2018

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈമാറി നൽകുന്നത് — സംബന്ധിച്ച്.

സൂചന :- നോർത്ത് പറവൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ 17-01-2018-ലെ എ1/7444/2017/നോ. പറവൂർ നമ്പർ കത്ത്

21-12-2017-ൽ നോർത്ത് പറവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ലഭ്യമായ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ ഈ കാര്യാലയത്തിൽനിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾക്കായി ടി ഓഫീസിൽനിന്നും സൂചന പ്രകാരം കത്ത് ലഭിക്കുകയുണ്ടായി. വിവരാവകാശ അപേക്ഷകളിൽ ഒരു പൊതു അധികാര സ്ഥാനത്തിന് അപേക്ഷ നൽകിയിട്ടുള്ളിടത്ത് ടി വിവരങ്ങൾ മറ്റൊരു അധികാര സ്ഥാനത്തിന്റെ ചുമതലകളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്ന സംഗതിയിൽ പ്രസ്തുത അപേക്ഷ കൈമാറ്റം ചെയ്യുന്നത് യാതൊരു കാരണവശാലും അപേക്ഷ ലഭിച്ച് 5 ദിവസം കഴിയാൻ പാടില്ലായെന്ന് വിവരാവകാശ നിയമത്തിലെ വകുപ്പ് 6 ഉപവകുപ്പ് (3)ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ നിയമത്തിലെ ഈ വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ലായെന്നാണ് സൂചന കത്തിൽനിന്നും വ്യക്തമാകുന്നത്. ആയതിനാൽ, ഈ വിഷയത്തിൽ എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥർമാരും ഈ വ്യവസ്ഥ തങ്ങളുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

23/2/18
ജൂനിയർ സൂപ്രണ്ട്

മോട്ടോർ വാഹന വകുപ്പ്, കേരള